File No.FWLD-E3/65/2020-FWLD

6771
15/6/20

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - 2020- ലെ ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷവത്ക്കരണത്തിനു സന്നദ്ധമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, യുവജന സംഘടനകൾ, മത സ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ, മാധ്യമ സ്ഥാപനങ്ങൾ മുതലായവയ്ക്ക് സൗജന്യമായി തൈകൾ വിതരണം ചെയ്യുന്നതിന് തീരുമാനിച്ച് ഉത്തരവാകുന്നു.

---

വനം വന്യജീവി (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.121/2020/വനം തീയതി,തിരുവനന്തപുരം, 27/05/2020

---

പരാമർശം:- 1 സ.ഉ (സാധാ) നം.188/2017/വനം, തീയതി 18/05/2017.

2 സർക്കുലർ നം.69/ഇ3/2017/വനം, തീയതി 17/01/2018.

3 സ.ഉ (സാധാ) നം.263/2018/വനം, തീയതി 02/06/2018.

4 സ.ഉ (സാധാ) നം.182/2019/വനം, തീയതി 27/05/2019

5 അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (സോഷ്യൽ ഫോറസ്ട്രി) 07.03.2020 തീയതിയിലെ എസ് എ2/1078/20 നമ്പർ കത്ത്

ഉത്തരവ്

ഹരിതകേരളം പദ്ധതിക്കാവശ്യമായ തൈകൾ സാമൂഹ്യ വനവത്ക്കരണ വിഭാഗത്തിന്റെ നഴ്സറികളിൽ വളർത്തിയെടുത്ത്, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സൗജന്യമായും, ഇതര സംഘടനകൾക്ക് സഹായ നിരക്കിലും വിതരണം ചെയ്തു വരുന്നു. ഈ വർഷവും ലോക പരിസ്ഥിതിദിനം മുതൽ വൃക്ഷ മഹോത്സവം വരെ വൃക്ഷവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. വൃക്ഷവത്കരണ പരിപാടിയുമായി സഹകരിക്കുന്ന സ്ഥാപനങ്ങൾക്ക് സൗജന്യമായി തൈകൾ വിതരണം ചെയ്താൽ മാത്രമേ ലക്ഷ്യം പൂർത്തീകരിക്കാനാവൂ എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2017, 2018, 2019 വർഷങ്ങളിൽ കേരള വനം വകുപ്പ്, പരിസ്ഥിതി വകുപ്പ്, ഹരിത കേരളം മിഷൻ എന്നിവ സംയുക്തമായി നടത്തുന്ന മേൽ പദ്ധതിയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, യുവജന സംഘടനകൾ, മതസ്ഥാപനങ്ങൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ, മാധ്യമ സ്ഥാപനങ്ങൾ മുതലായവയ്ക്ക് പരിസ്ഥിതി ദിനത്തിൽ വൃക്ഷവത്ക്കരണം നടത്തുന്ന ആവശ്യത്തിലേയ്ക്കായി തൈകൾ സൗജന്യമായി നൽകി യഥാക്രമം സൂചന (1),(3),(4) പ്രകാരം ഉത്തരവായിരുന്നു. അതുപോലെ ഈ വർഷവും 2020 ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് തുടങ്ങി ജൂലൈ മാസത്തിലെ വനമഹോത്സവം വരെ മേൽ വിവരിച്ച സ്ഥാപനങ്ങൾക്ക് വൃക്ഷവത്ക്കരണം നടത്തുന്ന ആവശ്യത്തിലേയ്ക്കായി തൈകൾ സൗജന്യമായി നല്കാൻ ഉത്തരവാകുന്നു. ടി സ്ഥാപനങ്ങൾ, വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം ഓഫീസുകളുമായി ബന്ധപ്പെട്ട് അതാതു നഴ്സറികളിൽ നിന്നും തൈകൾ നേരിട്ട് കൈപ്പറ്റേണ്ടതാണ്.

File No.FWLD-E3/65/2020-FWLD

സൗജന്യമായി തൈകൾ കൈപ്പറ്റുന്ന സ്ഥാപനങ്ങൾ സൂചന(2) സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും തങ്ങൾക്ക് ലഭിച്ച തൈകൾ ലോക പരിസ്ഥിതി ദിനത്തിന്റെ അന്തസ്സത്തയ്ക്കൊത്ത വിധം കൃത്യമായും നടേണ്ടതും, സംരക്ഷിച്ച് വളർത്താൻ ശ്രദ്ധിക്കേണ്ടതും ടി തൈകൾ യാതൊരു കാരണവശാലും വിലയ്ക്ക് വിൽക്കുവാനോ നടാതെ മാറ്റിവയ്ക്കുവാനോ പാടില്ലാത്തതുമാകുന്നു. ഇക്കാര്യം വനം വകുപ്പ് അധികൃതർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും സൂചന (2) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള റിപ്പോർട്ട് യഥാസമയം സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASREE M
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, തിരുവനന്തപുരം

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (SF), തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള , തിരുവനന്തപുരം

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഡോ.ടി.എൻ.സീമ, വൈസ് ചെയർപേഴ്സൺ, ഹരിതകേരളം, TC 2/3271(3) ഹരിതം,

കട്ടനാട് ലെയിൻ, പട്ടം പാലസ് PO, തിരുവനന്തപുരം 695004

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (പ്രസിദ്ധീകരണത്തിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: 1) മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2) വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്